**നേപ്പാളിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ചുള്ള പത്രക്കുറിപ്പ് (സെപ്റ്റംബർ 09, 2025)**

സെപ്റ്റംബർ 09, 2025

ഇന്നലെ മുതൽ നേപ്പാളിലെ സംഭവവികാസങ്ങൾ ഞങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്, നിരവധി യുവാക്കളുടെ ജീവൻ നഷ്ടപ്പെട്ടതിൽ അതീവ ദുഃഖമുണ്ട്.  പ്രിയപ്പെട്ടവരെ നഷ്ടമായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കുമെന്ന് പ്രത്യാശിക്കുന്നു.

2. അടുത്ത സുഹൃത്തും അയൽക്കാരും എന്ന നിലയിൽ, ബന്ധപ്പെട്ട എല്ലാവരും സംയമനം പാലിക്കുമെന്നും സമാധാനപരമായ മാർഗങ്ങളിലൂടെയും ചർച്ചകളിലൂടെയും എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

3. കാഠ്മണ്ഡുവിലും നേപ്പാളിലെ മറ്റ് നിരവധി നഗരങ്ങളിലും അധികൃതർ കർഫ്യൂ ഏർപ്പെടുത്തി എന്നതും ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.  നേപ്പാളിലെ ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്നും നേപ്പാളി അധികാരികൾ പുറപ്പെടുവിക്കുന്ന നടപടികളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കണമെന്നും നിർദ്ദേശിക്കുന്നു.

**ന്യൂഡൽഹി**

**സെപ്റ്റംബർ 09, 2025**